## 40

# "തുടരും"

ആർക്കെൻസാസിലെ, പ്രാദേശിക സഭാബുള്ളറ്റിനിൽ, എന്റെ ഒരു സ്നേഹിത, ഹെലെൻ ബാവെർ, ജഡ് സോണിയയുടെ ഒരു ചരിത്രം എഴുതിക്കൊണ്ടിരുന്നു. ഓരോ ആഴ്ചയിലും അവരുടെ ലേഖനം അവസാനിപ്പിക്കുന്നത് "തുടരും" എന്ന വാക്കുകളോടെ ആയിരിക്കും. ആ വാക്കുകൾ നാം വായിക്കുമ്പോൾ, അവർ തന്റെ ലേഖന പരമ്പര അവസാനിപ്പിച്ചില്ല എന്നു തങ്ങൾക്കറിയാം; ഇനിയും വരുവാനുണ്ട് എന്നർത്ഥം.

അത്തരം സാഹിത്യസൂത്രം ലൂക്കൊസിന്റെ സമയത്ത് ഉപയോഗത്തിൽ ഉണ്ടായിരുന്നെങ്കിൽ, അവനു പ്രവൃത്തികൾ 28:31 നു ശേഷം ആ വാക്കുകൾ ഉപയോഗിക്കാൻ കഴിയുമായിരുന്നു, കാരണം (നമ്മുടെ കഴിഞ്ഞ പാഠത്തിൽ ഊന്നൽ ചെലുത്തിയതുപോലെ) പ്രവൃത്തികൾ സുവിശേഷ വ്യാപ്തിയുടെ പ്രവർത്തനങ്ങളുടെ *ആരംഭം* മാത്രമാണ്. ആ പ്രവൃത്തി ആയിരുന്നു (ആണ്) ദൈവജനത്തിന്റെ ഓരോ തലമുറയിലും "തുടരും" എന്നത്.

ഞാൻ ഈ പരമ്പരയെ "ആവേശം നല്കുന്ന ക്രിസ്ത്യാനിത്വം: പ്രവൃത്തികളുടെ പുസ്തകത്തിലെ പഠനങ്ങൾ" എന്നു വിളിക്കുന്നു, പക്ഷെ ലൂക്കൊസ് പേന താഴെ വെച്ചു എന്നതിനാൽ ആവേശം തീർന്നു എന്നു വിചാരിക്കരുത്. തുടർന്ന ദിവസങ്ങളിലും ആവേശം തുടർന്നിരുന്നു; ഇന്നും അതു തുടർന്നു *കൊണ്ടിരിക്കണം*.

പ്രവൃത്തികളുടെ പുസ്തകം പഠിപ്പിക്കുന്ന നമുക്ക് മുഖ്യമായ ഒരു ചിന്തയുണ്ട്: പ്രവൃത്തികളുടെ പുസ്തകപഠനം നാം വെറും ഒന്നാം - നൂറ്റാണ്ടിലെ ചരിത്രമായിട്ടു മാത്രം കണ്ട് ഇരുപതാം-നൂറ്റാണ്ടിലും "പോയി അതുപോലെ ചെയ്യേണ്ട" ഉത്തരവായി നാം എടുക്കുന്നുണ്ടോ എന്നു ഭയപ്പെടുകയാണ്. "*ക്വീൻ മേരിയുടെ* പാഠം" നാം പഠിക്കണം എന്നു പറയപ്പെട്ടിട്ടുണ്ട്:

*ക്വീൻ മേരി* എക്കാലവും ഒരു വലിയ കടൽ വാഹനം ആയിരുന്നു. ആരംഭത്തിൽ, അതു ഒരു യാത്രാക്കപ്പൽ ആയിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ, അതിനെ ഒരു കൂട്ടക്കപ്പലായിത്തീർന്നു; ആ വിധത്തിൽ അതു നാസി മുങ്ങിക്കപ്പലുകൾക്ക് ഒരു ഭീഷണിയായിരുന്നു. ഇന്ന്, കാലിഫോർണിയയിലെ, ലോങ്ങ് ബീച്ചിൽ തുറമുഖക്കരയിൽ അടുപ്പിച്ചിരിക്കയാണ്. അതിന്റെ വലിയ എഞ്ചിനും മറ്റു ഭാഗങ്ങളും എടുത്തുമാറ്റി, പുസ്തകശാലകൾ കപ്പലിനുള്ളിൽ സ്ഥാനം പിടിച്ചു. വലിയ മുറികളെല്ലാം കൺവെൻഷനുകൾക്കായി ഉപയോഗിച്ചു; മുറികൾ ഹോട്ടൽ മുറിക്കായി

ഉപയോഗിക്കുന്നു. കപ്പൽ ജോലിക്കാരുടെ ഭാഗങ്ങൾ അഭിനേതാക്കൾ ഏറ്റെടുത്തു. വലിയ യാത്രാക്കപ്പൽ ഒരു കാഴ്ച്ച ബംഗ്ലാവിന്റെ ഭാഗമായി.

നമ്മുടെ പഠനത്തിൽ, നാം കർത്താവിന്റെ സഭ ആരംഭിച്ചതായി കണ്ടു. എന്തൊരു മനോഹര തുടക്കമായിരുന്നു അത്, തുടർന്നു ദൈവ ജനം സുവിശേഷം എടുത്തു ഭൂമിയിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന എല്ലാ ദിക്കിലും പോയി! നമ്മൾ ശ്രദ്ധിച്ചില്ലെങ്കിൽ, സഭ ഒരു കാഴ്ച്ച ബംഗ്ലാവിന്റെ ഭാഗമാകാം - ഒരു ഭൂതകാല സ്മാരകം - മറിച്ച് ലോകത്തിൽ നന്മക്കു വേണ്ടിയുള്ള ദൈവത്തിന്റെ തുടരുന്ന ശക്തിയാകണം!

നമ്മുടെ പരമ്പരയിലെ ഈ അവസാന പാഠത്തിൽ, ലൂക്കൊസ് വിട്ടുപോയതിൽ നിന്നു പെറുക്കി എടുക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഭാഗികമായി (നമുക്ക് അതിനെക്കുറിച്ച് തുറന്ന് പറയാം), പൗലൊസിനു എന്തു സംഭവിച്ചു എന്ന ആകാംക്ഷ തൃപ്തിപ്പെടുത്താനാണ് ഞാൻ ഇതു ചെയ്യുന്നത്. ലൂക്കൊസ്, എങ്ങനെയായാലും, നമ്മുടെ മുഖ്യചിന്തയെ തൃപ്തിപ്പെടുത്തുകയായിരുന്നില്ല, എന്റെ മുഖ്യ ഉദ്ദേശവും അതല്ല. എല്ലാറ്റിലുമുപരി, സഭയിലെ ഓരോ അംഗവും പൗലൊസും മറ്റു വിശ്വസ്ത ക്രിസ്ത്യാനികളും വളരെക്കാലം മുൻപു തുടങ്ങി. വെച്ച വലിയ ദൗത്യം *വ്യക്തിപരമായി തുടരുവാൻ* പ്രചോദിക്കപ്പെടുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്!

## തുടരുന്ന പൗലൊസിന്റെ പ്രവൃത്തികൾ

പ്രവൃത്തികൾ 28:31 നുശേഷം പൗലൊസിനു എന്തു സംഭവി*ച്ചു*? യുസേബിയസ് എന്ന, "സഭാ ചരിത്രത്തിന്റെ പിതാവ്," എഴുതി, "വിജയകരമായി സ്വയം പ്രതിരോധിച്ച ശേഷം, അപ്പൊസ്തലൻ വീണ്ടും സുവിശേഷം അറിയിക്കുന്നതിനു പോകുകയും, പിന്നീട് രണ്ടാം പ്രാവശ്യം, റോമയിലേക്ക് മടങ്ങിവരികയും, നീറോയുടെ കീഴിൽ രക്തസാക്ഷിയാകപ്പെടുകയും ചെയ്തു."[1] നമുക്ക് അറിയാവുന്ന, വസ്തുതകൾ, പൗലൊസ് *രണ്ടുപ്രാവശ്യം* റോമയിൽ തടവിലാക്കപ്പെട്ടു എന്നും, ആ തടവുകൾക്കിടയിൽ അവൻ മറ്റൊരു യാത്ര നടത്തി എന്നും ഉള്ള വസ്തുതയോടു യോജിക്കുന്നു:

ആദ്യം, "തടവുലേഖനങ്ങളും"[2] 2 തിമൊഥെയൊസും തമ്മിൽ അനേക വ്യത്യാസങ്ങൾ നമുക്കു കാണാം. പൗലൊസ് 2 തിമൊഥെയൊസ് എഴുതിയതും, തടവിൽ നിന്നായിരുന്നു (2 തിമൊഥെയൊസ് 1:8; 2:9), പക്ഷെ നമുക്കു ആ വാല്യവും തടവുലേഖനങ്ങളും തമ്മിലുള്ള വ്യത്യാസം നമുക്കു പരിഗണിക്കാം: തടവുലേഖനങ്ങളുടെ സ്വരം സന്തോഷപ്രദമായിരുന്നു, എന്നാൽ 2 തിമൊഥെയൊസിന്റെ സ്വരം അടിസ്ഥാനപരമായി മങ്ങിയതായിരുന്നു. പൗലൊസ് തടവു ലേഖനങ്ങൾ എഴുതിയപ്പോൾ, അവനു ചുറ്റും സ്നേഹിതന്മാർ ഉണ്ടായിരുന്നു; എന്നാൽ 2 തിമൊഥെയൊസ് എഴുതിയപ്പോൾ, ലൂക്കൊസ് ഒഴിച്ച് മറ്റെല്ലാവരും വിട്ടുപോയിരുന്നു (2 തിമൊഥെയൊസ് 4:11). തടവുലേഖനങ്ങൾ എഴുതിയപ്പോൾ, അവൻ മോചിതനാകുമെന്ന പ്രതീക്ഷയായി രുന്നു പൗലൊസിനുണ്ടായിരുന്നത് (ഫിലിപ്പിയർ 1:25, 26; 2:24; ഫിലേമോൻ 22);[3] പക്ഷെ അവൻ

2 തിമൊഥെയൊസ് എഴുതിയപ്പോൾ, താൻ മരിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു (2 തിമൊഥെയൊസ് 4:6, 7). ഇവയും മറ്റു വ്യത്യാസങ്ങളും പൗലൊസ് ഒരിക്കൽ അല്ല, എന്നാൽ രണ്ടുപ്രാവശ്യം തടവിലായിരുന്നു എന്നു വിശ്വസിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

രണ്ടാമത്, ചില സംഭവങ്ങളും യാത്രകളും തിമൊഥെയൊസിനും തിത്തൊസിനും എഴുതുന്ന ലേഖനത്തിൽ വിവരിച്ചിട്ടുള്ളതു പ്രവൃത്തികളുടെ പുസ്തകമായ നിർണ്ണയത്തിൽ ഇടം കണ്ടില്ല. ജെ.ഡബ്ലിയു. മെക്ഗാർവേ പല ഉദാഹരണങ്ങളും തരുന്നുണ്ട്:

> ഇവയിൽ ചിലതു അവ മക്കെദോന്യക്കു പോയപ്പോൾ, ചില ഉപദേഷ്ടാക്കന്മാരുടെ സ്വാധീനത്തെ എതിരിടുവാൻ തിമൊഥെയൊസിനെ എഫെസൊസിലേക്കയച്ചു (I. തിമൊഥെയൊസ് i. 3); ചില കാര്യങ്ങൾ ക്രമപ്പെടുത്തേണ്ടതിനായിരുന്നു തിത്തൊസിനെ ക്രേത്തയിൽ വിട്ടേച്ചു പോയത് (തിത്തൊസ് i. 5); അവൻ ത്രൊഫിമൊസിനെ മിലേത്തിൽ രോഗിയായിട്ടാണ് വിട്ടേച്ചുപോയത് (II. തിമൊഥെയൊസ് iv. 20); ശൈത്യകാലം കഴിപ്പാൻ നിക്കൊപ്പൊലിയിലേക്കു പോയതും ആണ് (തിത്തൊസ് iii. 12).[4]

അവസാനമായി, പൗലൊസിന്റെ ഒന്നാമത്തെ തടവിൽ നിന്നുള്ള മോചനവും തുടർന്നുള്ള യാത്രകളും സംബന്ധിച്ചു ദൈവശ്വാസിയരല്ലാത്ത എഴുത്തുകാർ പറയുന്നുണ്ട്. ഉദാഹരണമായി, റോമയിലെ ക്ലമെന്റ് (സി.ഏ. എ.ഡി. 96) പറഞ്ഞതു പൗലൊസ് "ലോകം മുഴുവൻ നീതി പ്രസംഗിച്ച്" "പാശ്ചാത്യരുടെ അറ്റത്തുള്ള അതിരോളം"[5] എത്തി എന്നാണ്. മുറാറ്റോറിയൻ കാനോൻ (സി.ഏ. ഏ.ഡി. 170-190) "അവൻ പട്ടണത്തിൽ [റോമയിൽ] നിന്നു സ്പാനിയയിലേക്കു പോയതിനെ" കുറിച്ചു പറയുന്നുണ്ട്.[6] അത്തരം സൂചനകൾ ശ്വാസിയമല്ല; എന്നാൽ തിരുവെഴുത്തിന്റെ വെളിച്ചത്തിൽ വീക്ഷിക്കുമ്പോൾ, അവക്ക് അല്പം പ്രാധാന്യമുള്ളതായി കണ്ടു.

ലഭ്യമായ വിവരശകലങ്ങൾ കൂട്ടിച്ചേർത്താൽ, നമുക്ക് ഒരുപക്ഷെ പ്രവൃത്തികൾ 28:31 ന്റെ തുടർ സംഭവങ്ങൾ ഒരുപക്ഷെ കിട്ടിയേക്കാം. ഏതോ ഒരു സമയത്ത് (ഒരുപക്ഷെ പ്രവൃത്തികളുടെ പുസ്തകം അവസാനിപ്പിച്ച ഉടനെ ആകാം), പൗലൊസ് അവസാനം നീറോയുടെ മുമ്പിൽ തന്റെ പ്രതിരോധവുമായി നിന്നു (പ്രവൃത്തികൾ 27:24).[7] അവന്റെ പ്രതിരോധത്തിൽ ഫേലിക്സിന്റെയും, ഫെസ്തൊസിന്റെയും, അഗ്രിപ്പാവിന്റെയും മുമ്പിൽ പ്രസംഗിച്ചതിന്റെ സാരാംശം അടങ്ങിയിരിക്കാം. നീറോയുടെ പ്രതികരണം എന്തായിരുന്നു എന്നു നമുക്കറിയില്ല, എങ്കിലും ഒരു കാര്യം തീർച്ചയാണ്: തന്റെ പാപജീവിതശൈലി ഉപേക്ഷിച്ച് ക്രിസ്ത്യാനിയാകാൻ അവനു അവസരം ലഭിച്ചു!

വിചാരണസമയത്ത്, നാടുവാഴിയായിരുന്ന ഫെസ്തൊസിന്റെയും ശതാധിപനായിരുന്ന ജൂലിയൊസിന്റെയും പ്രശംസാ വിവരങ്ങൾ പൗലൊസിനെ അത്യധികം തുണച്ചു. കൃത്യമായും, അവൻ നിരപരാധിയായി പ്രഖ്യാപിക്കയും ഏ.ഡി. 62-ൽ മോചിപ്പിക്കയും ചെയ്തു.

പൗലൊസിനു സ്പാനിയയിൽ പ്രസംഗിക്കണമെന്ന ദീർഘ - കാല വീക്ഷണം ഉണ്ടായിരുന്നതുകൊണ്ട് (റോമ്മർ 15:24, 28), ഇതായിരുന്നേക്കാം അവന്റെ ലക്ഷ്യസ്ഥാനങ്ങളിൽ ആദ്യത്തേത്.[8] അവൻ തീർച്ചയായും ക്രേത്തയും സന്ദർശിച്ചിരുന്നു (തിത്തൊസ് 1:5), അവിടെയാണ് തിത്തൊസിനെ വിട്ടേച്ചുപോയത്; മിലേത്തൊസും (2 തിമൊഥെയൊസ് 4:20), അവിടെ അവനു ത്രൊഫിമൊസിനെ, രോഗിയായി വിട്ടേച്ചുപോകേണ്ടി വന്നു. മിലേത്തൊസിൽ നിന്നു, കരമാർഗ്ഗം കൊലൊസ്യയിൽ ചെന്നു തന്റെ സ്നേഹിതൻ ഫിലെമോനെ സന്ദർശിക്കാനും കഴിഞ്ഞിരുന്നു (ഫിലേമോൻ 22). എഫെസ്യ മൂപ്പന്മാരെ ഒരിക്കലും വീണ്ടും കാണുകയില്ലെന്നു അവൻ വിചാരിച്ചിരുന്നു (പ്രവൃത്തികൾ 20:25). എന്നാൽ അവരെ വീണ്ടും കാണുവാൻ ദൈവം അവനു അവസരം കൊടുത്തപ്പോൾ അവൻ എത്ര സന്തോഷിച്ചിരിക്കും! (1 തിമൊഥെയൊസ് 1:3.) മക്കെദൊന്യക്കു പോകുമ്പോൾ, പൗലൊസ് തിമൊഥെയൊസിനെ അവിടെ വിട്ടേച്ചുപോയതു എഫെസ്യസഭയെ സഹായിക്കുന്നതിനായിരുന്നു (1 തിമൊഥെയൊസ് 1:3).

അവൻ മക്കെദൊന്യക്കു പോകുന്ന വഴി, പൗലൊസ് ത്രോവാസിൽ ഇറങ്ങി. അവൻ തന്റെ പുതപ്പും ചർമ്മലിഖിതങ്ങളും തന്റെ ഒരു സ്നേഹിതന്റെ അടുക്കൽ വിട്ടിട്ടുപോയി (2 തിമൊഥെയൊസ് 4:13), ഒരുപക്ഷെ മടങ്ങിവന്നു എടുക്കാം എന്നു വിചാരിച്ചിരിക്കാം. അപ്പൊസ്തലൻ മക്കെദൊന്യയിൽ എത്തിയപ്പോൾ, ഫിലിപ്പിയയിൽ താൻ സ്നേഹിച്ചവരുമായി കഴിയുന്നത്ര സമയം ചെലവഴിച്ചിരിക്കാം (ഫിലിപ്പിയർ 2:23, 24). അവൻ മക്കെദൊന്യ വഴി യാത്ര ചെയ്തപ്പോൾ, എഴുതിയതാകാം തിമൊഥെയൊസിനും തിത്തൊസിനും ഉള്ള ലേഖനങ്ങൾ.[9] പൗലൊസ്, ഏതാണ്ട് എഴുപതു വയസായപ്പോൾ, തന്റെ കാലശേഷം പ്രവർത്തനം തുടരേണ്ടതിനു യുവാക്കളെ പരിശീലിപ്പിക്കയായിരുന്നു.[10] പൗലൊസ് കൊരിന്തും സന്ദർശിച്ചിരിക്കാം (2 തിമൊഥെയൊസ് 4:20), പക്ഷെ അവന്റെ അന്തിമ ലക്ഷ്യം നിക്കപ്പൊലി ആയിരുന്നു, അതു പാശ്ചാത്യ ഗ്രീസിലെ ഒരു റോമൻ കോളനി ആയിരുന്നു, അവിടെ ശൈത്യകാലം കഴിപ്പാൻ അവൻ ആഗ്രഹിച്ചു (തിത്തൊസ് 3:12).

പൗലൊസ് സഞ്ചരിച്ചു റോമയിൽ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ, നിർണ്ണായകസംഭവങ്ങൾ അവിടെ നടന്നു - ആ സംഭവങ്ങൾ അവന്റെ - തടവിനും മരണത്തിനുമിടയാക്കി. ഏ.ഡി. 64, ജൂലൈ 18 ന്, തലസ്ഥാന നഗരത്തിൽ ഒരു തീപൊട്ടിപ്പുറപ്പെട്ടു.

> പട്ടണത്തിന്റെ ദരിദ്രരുടെ ഭാഗത്തു നിന്നു തുടങ്ങി, തീ ഗർജ്ജിച്ചു, പടാപടാശബ്ദത്തോടെ, ഒമ്പതുദിവസങ്ങളോളം പൊരിച്ചെടുക്കുകയായിരുന്നു. പതിന്നാലു ഭാഗങ്ങളായി തിരിച്ചിരിക്കുന്ന പട്ടണത്തിന്റെ പത്തു ഭാഗങ്ങളും, അക്ഷരാർത്ഥത്തിൽ ചുട്ടെരിച്ചു നശിപ്പിച്ചു. എല്ലായിടത്തും അരമനകളും, പള്ളികളും, അൾത്താരകളും ചാമ്പലായിത്തീർന്നു. 200,000 പേർക്കിരിക്കാവുന്ന, സർക്കസ് പരമകാഷ്ഠയും നശിപ്പിക്കപ്പെട്ടു.[11]

ഇ-ക്കാലത്തെ മിക്കചരിത്രകാരന്മാരും പട്ടണം കത്തിച്ചതിനു നീറോയെ കുറ്റപ്പെടുത്തുന്നില്ല; ആകസ്മികമായി പൊട്ടിപ്പുറപ്പെട്ട താകാം. എങ്ങനെയായാലും, റോമയിലെ പ്രകോപിതരായ ജനങ്ങൾ, ചക്രവർത്തിയുടെ അടുത്തകാല അവിവേകമായ പ്രവൃത്തികളും അദ്ദേഹത്തിന്റെ തലസ്ഥാനം പുതുക്കിപ്പണിയുവാനുള്ള അതിമോഹവും അറിയാവുന്നതുകൊണ്ട്, ചക്രവർത്തിയെയാണ് കുറ്റപ്പെടുത്തിയത്. തന്നിൽ നിന്നു ശ്രദ്ധ തിരിക്കുവാനായി, നീറോ സഭയെ ബലിയാടാക്കി. റോമൻ ചരിത്രകാരനായിരുന്ന, ടാസിറ്റസ് (എ.ഡി. 55-120), നീറോയുടെ പ്രവൃത്തികളെക്കുറിച്ചു എഴുതി:

> കിംവദന്തികൾ ഒഴിവാക്കുവാൻ, നീറോ തന്റെ സ്ഥാനത്തു കുറ്റവാളികളെ വരുത്തി ... സാധാരണക്കാർ വെറുത്തിരുന്നവർ ... ക്രിസ്ത്യാനികൾ ... . [അ]വർ വന്യമൃഗങ്ങളുടെ തോൽ ധരിച്ചു ഒന്നുകിൽ പട്ടികളാൽ, അല്ലെങ്കിൽ ക്രൂശിന്മേൽ, അതുമല്ലെങ്കിൽ നശിപ്പിക്കുമെന്ന വിഷമ സന്ധിയിൽ ... പകൽ വെളിച്ചം ഇല്ലാതാക്കു[മ്പോ]ൾ രാത്രി പ്രകാശത്തെ സേവിച്ചു വെന്തുപോയി. നീറോ തന്റെ പൂന്തോട്ടങ്ങൾ തുറന്നു സർക്കസ് കാണുന്നതു പോലെ ഈ കാഴ്ചകൾ കണ്ടു ... .[12]

നീറോ ക്രിസ്ത്യാനികളുടെ ശിരഛേദം നടത്തുകയോ, സിംഹങ്ങൾക്ക് ഇട്ടുകൊടുക്കയോ, ഉയർന്ന കൽതൂണുകളിൽ നിന്നു എറിയുകയോ ചെയ്തിരുന്നതായി ടാസിറ്റസ് വെളിപ്പെടുത്തിയിരിക്കുന്നു.

വിശ്വാസികളെ അധർമ്മമായി ഉപദ്രവിക്കൽ ആരംഭിച്ചു. വിശ്വാസത്തെ പ്രഖ്യാപിക്കുന്ന ഏറ്റവും മുൻപന്തിയിൽ നില്ക്കുന്ന ആളായതുകൊണ്ട്, പൗലൊസ് ഉപദ്രവിക്കപ്പെടേണ്ട മുഖ്യപുള്ളിയായി കണക്കാക്കി നോക്കാം. ഒരുപക്ഷെ അവനെ എ.ഡി. 67-ൽ നിക്കൊപ്പൊലിസിസിൽ, വെച്ചു പിടിച്ച് (തിത്തൊസ് 3:12), റോമയിലേക്ക് വലിച്ചിഴച്ച് കൊണ്ടുപോയിരിക്കാം. ഈ തടവിൽ പൗലൊസ് "മുമ്പ് റോമയിൽ കൂലിക്കു വാങ്ങിയ വീട്ടിൽ താമസിച്ചതുപോലെ" (പ്രവൃത്തികൾ 28:30) അല്ല താമസിച്ചത്. പകരം, ആരംഭ എഴുത്തുകാർ പറയുന്നതു അവൻ മാമർടൈൻ തടവിലടക്കപ്പെട്ടു - അതു ദുർഗന്ധമുള്ള കൽക്കുഴിയും ഉയർന്ന കല്ലുകൾ കൊണ്ടുള്ള സീലിങ്ങും കാറ്റിനും വെളിച്ചത്തിനും ഒരൊറ്റ ദ്വാരം മാത്രമുള്ളതുമായിരുന്നു.

ആ മങ്ങിയ വെളിച്ചത്തിൽ, തന്റെ പേനയും ചർമ്മലിഖിതങ്ങളും അറിയപ്പെടാത്ത ഒരു ഉപകാരി കൊണ്ടുവന്നതുപയോഗിച്ച്, പൗലൊസ് തന്റെ അവസാന വാക്കുകൾ പ്രിയ തിമൊഥെയൊസിനു എഴുതി. ഒരു റോമാ പൗരൻ ആയിരുന്ന, അപ്പൊസ്തലൻ പകൽ കോടതിയിൽ ഇരിക്കാൻ അനുവദിച്ചിരുന്നു, എന്നാൽ തന്നെ പിന്താങ്ങുന്നവരിൽ നിന്നെല്ലാം ഒറ്റപ്പെട്ടതുകൊണ്ടും ശത്രുക്കൾ തെറ്റായി കുറ്റം ആരോപിച്ചതിനാലും, കുറ്റവിമോചനത്തിനുള്ള ആശ പൗലൊസിൽ കുറവായിരുന്നു (2 തിമൊഥെയൊസ് 4:16).[13] മരണം തീർച്ച എന്നു വിചാരിച്ചുകൊണ്ട് (4:6-8), അവൻ യുവാവായിരുന്ന ഉപദേഷ്ടാവിനോട് അപേക്ഷിച്ചു:

> വേഗത്തിൽ എന്റെ അടുക്കൽ വരുവാൻ ഉത്സാഹിക്ക; ... ഞാൻ ത്രോവാസിൽ കർപ്പൊസിന്റെ പക്കൽ വെച്ചേച്ചു പോന്ന, പുതപ്പും, പുസ്തകങ്ങളും, വിശേഷാൽ ചർമ്മലിഖിതങ്ങളും ... . നീ വരുമ്പോൾ കൊണ്ടു വരിക (2 തിമൊഥെയൊസ് 4:9-13).
>
> ശീതകാലത്തിനു മുമ്പെ വരുവാൻ ശ്രമിക്ക (2 തിമൊഥെയൊസ് 4:21).

ശീതകാലത്തു, യാത്ര അസാദ്ധ്യമായിരിക്കും, അടുത്ത വസന്ത കാലം വരെ ജീവിച്ചിരിക്കുമെന്ന പ്രതീക്ഷ പൗലൊസിന് ഇല്ലായിരുന്നു.

ദൈവശ്വാസിയമല്ലാത്ത പാരമ്പര്യം പറയുന്നത്,[14] ഏ.ഡി. 67/68-ൽ റോമയിൽ വെച്ച് പൗലൊസ് ശിരഛേദം ചെയ്യപ്പെട്ടു എന്നാണ്. ആരാച്ചാർ അവന്റെ തല ശരീരത്തിൽ നിന്നു നീക്കം ചെയ്യുമ്പോൾ, അവസാനം പ്രായം ചെന്ന അപ്പൊസ്തലൻ തന്റെ ആത്മാവ് ശരീരം വിട്ടു കർത്താവിനോടു ചേർക്കുവാൻ ഒരുങ്ങിയിരുന്നു (ഫിലിപ്പിയർ 1:23). നാം അവന്നു യാത്രാമൊഴി ചെല്ലുമ്പോൾ,[15] അവനിൽ നിന്നു വന്ന അവന്റെ ഈ വാക്കുകൾ നമ്മുടെ മനസ്സിൽ തങ്ങും:

> ഞാനോ ഇപ്പോൾ തന്നെ പാനീയയാഗമായി ഒഴിക്കപ്പെടുന്നു, എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു. ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു; ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു, അതു നീതിയുള്ള ന്യായാധിപതിയായ, കർത്താവു, ആ ദിവസത്തിൽ എനിക്കു നല്കും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ (2 തിമൊഥെയൊസ് 4:6-8).

## ഒന്നാം - നൂറ്റാണ്ടിലെ മറ്റു ക്രിസ്ത്യാനികളുടെ പ്രവൃത്തികൾ

പ്രവൃത്തികളുടെ പുസ്തകത്തിലെ അവസാന പകുതിയിൽ, ലൂക്കൊസ് പ്രാഥമികമായി പൗലൊസിന്റെ പ്രവൃത്തികളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിനർത്ഥം മറ്റു ക്രിസ്ത്യാനികൾ അടങ്ങിയിരിക്കുന്നു എന്നല്ല. പത്രൊസും മറ്റു അപ്പൊസ്തലന്മാരും യാത്ര ചെയ്തു, യേശുവിനെക്കുറിച്ചു അറിയിച്ചുകൊണ്ടിരുന്നു (പ്രവൃത്തികൾ 9:32). ദൈവശ്വാസിയമല്ലാത്ത പാരമ്പര്യം അനുസരിച്ച്, അപ്പൊസ്തലന്മാർ പരിഷ്കൃത ലോകത്തിൽ മിക്കവാറും എല്ലാ സ്ഥലങ്ങളിലും യാത്ര ചെയ്തു സുവിശേഷം എത്തിച്ചു. അതു അവർക്കു ലഭിച്ച ആജ്ഞ നിമിത്തം ആയിരുന്നു (മത്തായി 28:18-20; മർക്കൊസ് 16:15, 16; പ്രവൃത്തികൾ 1:8). പൗലൊസിന്റെ കൊലൊസ്യരോടുള്ള പ്രസ്താവനയും അതാണ് "... ആ സുവിശേഷം സർവ്വലോകത്തിലും എന്നപോലെ ... നിങ്ങളുടെ അടുക്കലും എത്തി, നിങ്ങൾ ദൈവകൃപ യഥാർഥമായി കേട്ടറിഞ്ഞ നാൾ മുതൽ നിങ്ങളുടെ ഇടയിൽ എന്നപോലെ *സർവ്വ ലോകത്തിലും* ഫലം കാണിച്ചും വർദ്ധിച്ചും വരുന്നു, ..." (കൊലൊസ്യർ 1:5, 6; ഊന്നൽ എന്റേത്).[16]

ആദിമക്രിസ്തീയ എഴുത്തുകാർ പറഞ്ഞതു അപ്പൊസ്തലനായിരുന്ന യോഹന്നാൻ തന്റെ അവസാന കാലം അധികവും എഫെസൊസിലായിരുന്നു എന്നാണ്. അപ്പൊസ്തലൻ അന്ത്യൊക്യയോളവും (ഗലാത്യർ 2:11) ബാബേലോളവും (1 പത്രൊസ് 5:13) സഞ്ചരിച്ചിരുന്നു എന്നു തീർച്ചയാണ്.[17] അപ്പൊസ്തലന്മാരെ കൂടാതെ, മറ്റുള്ളവരും, സുവിശേഷം വ്യാപിച്ചിട്ടുണ്ട് (പ്രവൃത്തികൾ 11:19). ഉപദേഷ്ടാക്കന്മാരായ അപ്പല്ലൊസും വളരെ സജീവമായി പ്രവർത്തിച്ചിരുന്നു (1 കൊരിന്ത്യർ 16:12; തിത്തൊസ് 3:13). ചുരുങ്ങിയതു ഒരു യാത്രയിൽ, പൗലൊസിന്റെ കൂട്ടുയാത്രക്കാരായിരുന്നു ശിലാസും മർക്കൊസും, പത്രൊസിനോടു കൂടെ യാത്ര ചെയ്തിട്ടുണ്ട് (1 പത്രൊസ് 5:12, 13).

പൗലൊസിനെപോലെ, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട പുരുഷന്മാർ, തങ്ങളുടെ വാക്കുകൾ എഴുത്തുകളാക്കി അന്നു ക്രിസ്ത്യാനികളുടെ വിശ്വാസം വർദ്ധിപ്പിക്കയും അവരെ ശക്തിപ്പെടുത്തുകയും ചെയ്തു. 60 കളുടെ ആരംഭത്തിലായിരുന്നു ലൂക്കൊസ് ലൂക്കൊസിന്റെ സുവിശേഷവും പ്രവൃത്തികളുടെ പുസ്തകവും എഴുതിയത്. ഏതാണ്ട് അതേ സമയത്തു തന്നെ, മത്തായിയും മർക്കൊസും അവരുടെ വിവരണങ്ങൾ ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചു എഴുതി. പൗലൊസ് ചെയ്തതുപോലെ ശ്വാസിയരായ സഭാദ്ധ്യക്ഷന്മാർ ക്രിസ്ത്യാനികളെയും ഇടവകകളെയും പ്രബോധിപ്പിച്ച് എഴുതുകയുണ്ടായി: യേശുവിന്റെ അർദ്ധ – സഹോദരനായിരുന്ന, യാക്കോബ്, പ്രായോഗിക ക്രിസ്ത്യനിത്വത്തെക്കുറിച്ച് യെഹൂദക്രിസ്ത്യാനികൾക്കു ഒരു പുസ്തകം എഴുതി. യേശുവിന്റെ മറ്റൊരു അർദ്ധ-സഹോദരനായിരുന്ന, യൂദ (അല്ലെങ്കിൽ യൂദാസ്), ക്രിസ്ത്യാനികളെ "... വിശ്വാസത്തിനുവേണ്ടി പോരാടേണ്ടതിനു വേണ്ടി ..." ഒരു ചെറിയ ലേഖനം എഴുതി (യൂദ 3). തന്റെ മരണത്തിനു തൊട്ടുമുമ്പു (2 പത്രൊസ് 1:13–15), പത്രൊസ് രണ്ടു ലേഖനങ്ങൾ എഴുതി: പദവിയോടുകൂടെ കഷ്ടവും ഉപദ്രവവും എന്നതിനെക്കുറിച്ചാണ് ഒന്നാമത്തേത്, ക്രിസ്ത്യാനികളെ ദുരുപദേശത്തെ കുറിച്ചു മുന്നറിയിക്കുന്നതാണ്.[18] ആ നാലു ലേഖനങ്ങൾ – യാക്കൊബും, 1 ഉം 2 ഉം പത്രൊസും, യൂദയും – ഒരുപക്ഷെ 60 കളിൽ എഴുതപ്പെട്ടതാകാം.[19]

ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടടുത്ത്, ആ സമയത്ത് ഉടലെടുത്ത പ്രത്യേക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാനായി അഞ്ചു പുസ്തകങ്ങൾ എഴുതി. ക്രിസ്തു "ജഡത്തിൽ" വന്നിട്ടില്ല എന്ന ദുരുപദേശത്തെ എടുത്തു കാണിക്കുന്നതായിരുന്നു അവന്റെ സുവിശേഷ വിവരണങ്ങൾ (യോഹന്നാൻ 1:1, 14; 2 യോഹന്നാൻ 7). ആ തെറ്റിന്റെ പ്രായോഗിക അനന്തരഫലങ്ങൾ ക്രിസ്ത്യാനികൾക്കു കൈകാര്യം ചെയ്യുവാനായിരുന്നു അവന്റെ ആദ്യലേഖനം (1 യോഹന്നാൻ 1:1; 2:1). വ്യക്തികൾക്കു കുറിപ്പുകൾ അയക്കുന്നതായിരുന്നു അവന്റെ രണ്ടും മൂന്നും ലേഖനങ്ങൾ; മറ്റു ചിന്തകളോടൊപ്പം, തെറ്റു പഠിപ്പിക്കുന്നവർക്കെതിരെ മുന്നറിയിക്കുന്നുമുണ്ട് (2 യോഹന്നാൻ 7–11). പുതിയനിയമത്തിലെ അവസാന പുസ്തകവും യോഹന്നാൻ ആണ് എഴുതിയത്, എന്നാൽ അതിനുവേണ്ടി അവൻ പ്രാഥമികമായി കർത്താവിന്റെ കാര്യദർശി ആകേണ്ടിയിരുന്നു (വെളിപ്പാട് 1:1, 9–11). ആ അവസാന പുസ്തകം – വെളിപ്പാട് – ഉപദ്രവി

ക്കപ്പെട്ട ക്രിസ്ത്യാനികൾ പ്രചോദനമായി തീർന്നു (വെളിപ്പാട് 2:10).

സഭയുടെ ആരംഭം മുതൽ, അതു ഉപദ്രവിക്കപ്പെട്ടിട്ടുണ്ട്. പൗലൊസിനു പുറമെ അനേകം പേർ ഒന്നാം നൂറ്റാണ്ടിൽ അവരുടെ വിശ്വാസത്തിനായി മരിച്ചു. സഭ നിലവിൽ വന്ന് ആദ്യത്തെ ഒരു വ്യാഴവട്ടക്കാലവും, ഉപദ്രവം യെഹൂദന്മാരുടേതായിരുന്നു. യെഹൂദന്യായാധിപസംഘത്താൽ സ്തെഫാനൊസിനെ കല്ലെറിഞ്ഞു കൊന്നതായി നമ്മുടെ പഠനത്തിൽ നാം കണ്ടു; ശൗൽ സഭയെ ഉപദ്രവിച്ചപ്പോൾ, ക്രിസ്ത്യാനികളായിരുന്ന, നിരവധി സ്ത്രീ പുരുഷന്മാർ കൊല്ലപ്പെട്ടിട്ടുണ്ട്; ഹെരോദാവിനാൽ അപ്പൊസ്തലനായിരുന്ന യാക്കോബ് ശിരഛേദം ചെയ്യപ്പെട്ടു (പ്രവൃത്തികൾ 7:58–60; 22:4; 26:10; 12:2). ദൈവശ്വാസിയമല്ലാത്ത പാരമ്പര്യപ്രകാരം, യെഹൂദന്മാരുടെ കരങ്ങളാൽ കൊല്ലപ്പെട്ട മറ്റൊരാൾ, യേശുവിന്റെ അർദ്ധ – സഹോദരനായിരുന്ന യാക്കോബ് ആയിരുന്നു:

> അവസാനം, [യെരുശലേമിലെ] ധനികരും അഴിമതിക്കാരും ആയ, യെഹൂദപ്രമാണിമാരുടെ കോപത്തിനു പാത്രമായി. അവൻ ന്യായപ്രമാണലംഘി എന്ന കുറ്റം ചുമത്തി, അവർ അവനെ ദൈവാലയത്തിന്റെ [മേൽക്കൂരയിൽ] നിന്നു [താഴേക്ക്] എറിയുകയും, കല്ലെറിയുകയും, പിന്നെ ഒരു വടികൊണ്ട് അവന്റെ ജീവിതം അവസാനിപ്പിക്കയും ചെയ്തു. അവൻ മരിച്ചതു തന്നെ കൊന്നവർക്കു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടാണെന്ന് പറയപ്പെടുന്നു.

പിന്നീട്, നീറോയുടെ ഏ.ഡി. 64/65 ലെ ഉപദ്രവത്തോടെ, സഭയെ മുഖ്യമായി ഉപദ്രവിക്കുന്നതു റോമാ ഗവൺമെന്റായി.[20] നീറോയുടെ ഉപദ്രവ സമയത്തു എഴുതിയതാകാം പത്രൊസിന്റെ ലേഖനത്തിൽ പരാമർശിച്ച മോശമായ പെരുമാറ്റം. ദൈവശ്വാസിയമല്ലാത്ത പാരമ്പര്യം അനുസരിച്ച്, ആ അക്രമകാലയളവിൽ അപ്പൊസ്തലന്മാരിൽ അനേകരും മരിച്ചു – കൂടാതെ പ്രവൃത്തികളുടെ പുസ്തകത്തിൽ അറിഞ്ഞവരും ഉൾപ്പെടുന്നു. പൗലൊസിനെ ചമ്മട്ടി കൊണ്ടടിക്കയും ക്രൂശിൽ തറച്ചു, മരണശിക്ഷ നടപ്പാക്കിയതാണ് നന്നായി – അറിയപ്പെടുന്ന പാരമ്പര്യം. ആ കഥയനുസരിച്ചു, പത്രൊസ്, കർത്താവു മരിച്ചതുപോലെ മരിക്കുവാൻ താൻ അയോഗ്യനാണെന്നു കരുതി, തന്നെ തലകീഴായി ക്രൂശിക്കാൻ ആവശ്യപ്പെട്ടു.

ആദ്യം, ക്രിസ്ത്യാനികളെ ശിക്ഷിച്ചതു ക്രിസ്ത്യാനികളായതുകൊണ്ടല്ല, മറിച്ചു പ്രത്യേക കുറ്റം ചുമത്തിയാണ്. ആദ്യം ചുമത്തപ്പെട്ട അപരാധത്തിനു പുറമെ, അവരെ രാജദ്രോഹം, മന്ത്രവാദം, നിഷിദ്ധസംഗമം, നരഭോജികൾ എന്നു പോലും കുറ്റപ്പെടുത്തി.[21] സമൂഹത്തിന്റെ മുഖ്യ വെറുപ്പിനു കാരണം മറ്റു മതങ്ങളോടും അവരുടെ ദേവന്മാരോടും ക്രിസ്ത്യാനികൾക്കുള്ള അസഹിഷ്ണുതയായിരുന്നു. യേശുവിന്റെ അനുയായികളെ "നിരീശ്വരവാദികൾ" എന്നും "മനുഷ്യവർഗ്ഗത്തെ വെറുക്കുന്നവർ" എന്നും മുദ്ര കുത്തിയിരുന്നു. പെട്ടെന്ന് എന്ത് അത്യാഹിതം പ്രകൃതിദത്തമായാലും മനുഷ്യനിർമ്മിതമായും സംഭവിച്ചാൽ, അതിനു ക്രിസ്ത്യാനികളെ കുറ്റപ്പെടുത്താൻ തുടങ്ങി. അവരുടെ കുറ്റത്തിനു തെളിവൊന്നും ആവശ്യമായിരുന്നില്ല:

[നീറോയുടെ ഉപദ്രവത്തിന്റെ] തുടക്കം, ഒരു വിചാരണ ആവശ്യപ്പെട്ടിരുന്നു, എന്നാൽ പെട്ടെന്ന് [അനേകം കുറ്റങ്ങൾ ചുമത്തപ്പെട്ടതിന്റെ] അനന്തരഫലമായി വിചാരണയും എടുത്തു കളയാൻ കഴിഞ്ഞു, ക്രിസ്ത്യാനികളെ "അവരുടെ സാമൂഹ്യതത്വം ചുരുക്കത്തിൽ *ഓഡിയം ജെനറിസ് ഹുമാനി* [മനുഷ്യവർഗ്ഗത്തെ വെറുക്കുന്നവർ] എന്നു തിരിച്ചറിഞ്ഞിരുന്നു." വിചാരണ അനാവശ്യമായി മാറി; മതത്തിൽ തന്നെ കുറ്റങ്ങൾ പ്പെടുന്നതാക്കി ... .[22]

റോമൻ ഗവൺമെന്റ് പൊതുവായി ക്രിസ്ത്യാനികളെ രണ്ടാം പ്രാവശ്യവും ഉപദ്രവിച്ചത് ഡൊമിഷ്യൻ ചക്രവർത്തിയുടെ കാലത്തായിരുന്നു:[23]

ഡൊമിഷ്യൻ (സി. 81-96) സാമ്രാജ്യം ക്രിസ്ത്യാനികളുടെ രക്തത്താൽ കുളിപ്പിച്ച് ചരിത്രത്തിൽ താണുപോയ ഒരു ചക്രവർത്തിയായിരുന്നു. ചക്രവർത്തിയെ നമസ്ക്കരിക്കുവാൻ വേണ്ടിയായിരുന്നു അവന്റെ ഉപദ്രവം ... .

ഡൊമിഷ്യന്റെ കീഴി[ൽ], സാമ്രാജ്യ ശക്തിയാൽ ക്രിസ്ത്യാനികൾ ജീവൻ മരണപോരാട്ടത്തിലായിരുന്നു ... . ശിക്ഷയുടെ രൂപങ്ങൾ അനവധിയായിരുന്നു. ചിലരെ കൊന്നു, ചിലരെ നാടു കടത്തി, ചിലരെ ചക്രവർത്തി ദൈവികതത്വത്തെ ഏറ്റു പറയുന്നതിനു ദണ്ഡിപ്പിച്ചു, ചിലരുടെ വസ്തുവകകൾ പിടിച്ചെടുക്കപ്പെട്ടു, ചിലർ ഇവയെല്ലാം ചേർന്നു അനുഭവിച്ചു.[24]

വെളിപ്പാട് പുസ്തകം എഴുതപ്പെട്ടതു ഒരുപക്ഷെ ഡൊമിഷ്യന്റെ വാഴ്ച്ചയുടെ അവസാന ഭാഗത്തായിരിക്കണം (എ.ഡി. 94-96). "മരിക്കേണ്ടി വന്നാലും, ക്രിസ്ത്യാനികൾ വിശ്വസ്തരായിരിക്കണം'' എന്നാണ് 2-ാം അദ്ധ്യായം ക്രിസ്ത്യാനികളോട് അപേക്ഷിക്കുന്നത് (വാക്യം 10; ന്യൂ സെഞ്ചുറി വെർഷൻ). പെർഗമൊസിൽ വെച്ചു കൊല്ലപ്പെട്ട "എന്റെ സാക്ഷി, [അക്ഷരികമായി, രക്തസാക്ഷി] ആയ അന്തിപ്പാസിനെ" കുറിച്ചു പറയുന്നു (വാക്യം 13). 6-ാം അദ്ധ്യായത്തിൽ "... മറ്റുള്ളവർ നിലനിർത്തിയ സാക്ഷ്യം നിമിത്തവും, ദൈവവചനം നിമിത്തവും അറുക്കപ്പെട്ടവരെ കുറിച്ചു പറയുന്നുണ്ട്" (വാക്യം 9). "മഹതിയാം ബാബിലോൺ" എന്ന മഹാവേശ്യയെപ്പറ്റി 17-ാം അദ്ധ്യായത്തിൽ പറയുന്നത്, അവൾ "വിശുദ്ധന്മാരുടെയും സാക്ഷികളുടേയും രക്തം കുടിച്ച്, അവർ യേശുവിന്റെ [അക്ഷരികമായി, രക്തസാക്ഷി] രക്തസാക്ഷികളായി തീർന്നു'' (വാക്യങ്ങൾ 1-6). (വേശ്യ "ഏഴുമലയുടെ മുകളിൽ" ഇരിക്കുന്നു എന്നു പറയുന്നതുകൊണ്ട് [വാക്യം 9], അതു ഏഴുമലയുടെ മുകളിൽ പണിതിരിക്കുന്ന റോമാ പട്ടണമാണെന്നു തിരിച്ചറിയാൻ പ്രയാസമില്ല.)

പാരമ്പര്യമനുസരിച്ചു, ഡൊമിഷ്യന്റെ ഉപദ്രവകാലത്തു കൊല്ലപ്പെട്ടവരിൽ ഒരാളായിരുന്നു പൗലൊസിന്റെ സ്നേഹിതനായിരുന്ന തിമൊഥെയൊസ്.[25] ഉപദ്രവകാലത്ത് ജീവിച്ചിരുന്ന, ഏക അപ്പൊസ്തലനായിരുന്ന, യോഹന്നാനെ, പൗലൊസ് ദ്വീപിലേക്കു നിഷ്കാസനം ചെയ്തു,

അവിടെ വെച്ചാണ് അവനു "യേശുക്രിസ്തുവിന്റെ വെളിപ്പാട്" ലഭിച്ചത് (വെളിപ്പാട് 1:1, 9).[26]

റോമിന്റെ നിഷ്ഠൂരമായ ഉപദ്രവം സഭയുടെ വീര്യത്തെ നശിപ്പിച്ചോ? ദൈവജനത്തിന്റെ "പ്രവൃത്തികൾ" നിന്നു പോയോ? രണ്ടാം - നൂറ്റാണ്ടിലെ ഒരു ക്രിസ്തീയ എഴുത്തുകാരൻ, തെർത്തുല്ലിയൻ, റോമൻ ഗവൺമെന്റിന്റെ ഉപദ്രവങ്ങളുടെ ഫലത്തെ വിവരിക്കുന്നുണ്ട്:

> ഞങ്ങൾ ഇന്നലെയുടെ ആളുകൾ ആണ്, എങ്കിലും നിങ്ങളുടെ എല്ലാ സ്ഥലങ്ങളിലും, പട്ടണങ്ങളിലും, ദ്വീപുകളിലും, കോട്ടകൾ, ടൗണുകൾ, യോഗങ്ങൾ, നിങ്ങളുടെ വാസസ്ഥലത്തും, അരമനയിലും, വേദിയിലും, ... നേടിയത് മറ്റൊന്നുമല്ല നിങ്ങൾ ഓരോരുത്തർ അസാമാന്യ വൈശിഷ്ട്യമുള്ള ക്രൂരതയാണ് നിങ്ങൾ കണ്ടെത്തി യത്, മറിച്ച് അതു ആളുകളെ ഞങ്ങളുടെ പാഠശാലയിലേക്കു തേടുന്നു. നിങ്ങൾ ഞങ്ങളെ അരിഞ്ഞു വീഴ്ത്തിയപ്പോൾ ഞങ്ങൾ കൂടുതലായി. ക്രിസ്ത്യാനികളുടെ രക്തം [അല്ലെങ്കിൽ രക്തസാക്ഷികൾ] വിത്ത് ആണ്.[27]

## വർഷങ്ങളായി തുടരുന്ന ക്രിസ്ത്യാനികളുടെ പ്രവൃത്തികൾ

രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ, ക്രിസ്തീയ രക്തസാക്ഷികളുടെ "വിത്ത്" ആയ രക്തം റോമാ സാമ്രാജ്യം മുഴുവൻ ഉദാരമായി വിതെക്കപ്പെട്ടു. ജോൺ ഫോക്സ്, തന്റെ പ്രസിദ്ധമായ *ഫോക്സെസ് ബുക്ക് ഓഫ് മാർട്ടിഴ്സ്* എന്ന പുസ്തകത്തിൽ, റോമാ ചക്രവർത്തിയുടെ കീഴിൽ നടന്ന ഉപദ്രവകാലത്ത് യോഹന്നാന്റെ ഒരു ശിഷ്യനെ റോമയിലേക്കു കൊണ്ടുവന്നു രംഗസ്ഥലത്ത് വന്യമൃഗങ്ങൾക്കു വിഴുങ്ങുവാൻ ഇട്ടുകൊടുത്തു.[28] ട്രാജൻ, ഇഗ്നേഷ്യൻസിന്റെ കാലത്ത് നടന്ന ഉപദ്രവങ്ങളിൽ,[29] യോഹന്നാന്റെ ഒരു ശിഷ്യനെ റോമിലേക്ക് കൊണ്ടുവരികയും വന്യമൃഗത്തിനു എറിഞ്ഞുകൊടുക്കുകയും ചെയ്തു. മാർക്കസ് ഔറേലിയസിന്റെ കീഴിൽ നടന്ന ഉപദ്രവസമയത്ത്, യോഹന്നാന്റെ മറ്റൊരു ശിഷ്യനായിരുന്ന, വൃദ്ധനായിരുന്ന പോളികർപ്പിനെ,[30] മരണശിക്ഷക്കു വിധിക്കുന്നതിനു മുൻപു, ക്രിസ്തുവിനെ ശപിക്കുവാൻ അവനോട് ആവശ്യപ്പെട്ടു. അവൻ മറുപടി പറഞ്ഞത്, "എൺപത്തി ആറുവർഷം ഞാൻ അവനെ സേവിച്ചു, അവൻ എനിക്ക് ഒരു മുറിവു പോലും വരുത്തിയിട്ടില്ല: പിന്നെ ആ എന്റെ രാജാവിനെ എന്റെ രക്ഷകനെ എങ്ങനെ എനിക്ക് ദുഷിക്കാൻ കഴിയും എന്നാണ്?"[31] ഏതാണ്ട് അതേ സമയത്ത് തന്നെ, ജസ്റ്റിൻ മാർട്ടിർ[32] തന്റെ വിശ്വാസത്തിനായി കൊല്ലപ്പെട്ടു. സെവെറസിന്റെ ഉപദ്രവസമയത്ത്, മറ്റൊരു അറിയപ്പെട്ട അദ്ധ്യക്ഷനായിരുന്ന, ലിയോൺസിന്റെ ഐറേനിയസിന്റെ, തല ഛേദിക്കപ്പെട്ടു. ജോൺ ഫോക്സ് രേഖപ്പെടുത്തിയ മറ്റു ഉപദ്രവങ്ങൾ സംഭവിച്ചത് മാക്സിമസ്, ഡെസിയസ്, വലേറിയൻ, മാക്സിമിയൻ എന്നിവരുടെ വാഴ്ച്ചക്കാലത്തായിരുന്നു.

സഭ നിലവിൽ വന്ന പ്രാരംഭ നൂറ്റാണ്ടുകളിൽ ക്രിസ്ത്യാനികൾ അനുഭവിച്ച കഷ്ടതകളുടെ കഥകൾ പറയുവാൻ സ്ഥലം ഉണ്ടായിരുന്നെങ്കിൽ

എന്നു ഞാൻ ആശിക്കുന്നു: ആഫ്രിക്കയിലെ ഒരു യുവമാതാവായിരുന്ന, പെർപ്പെച്ചുവാ, രംഗസ്ഥലത്തുവച്ചു മരിച്ചു; ഗൗളിൽ ക്രിസ്ത്യാനിത്വത്തെ ഉന്മൂലനാശം വരുത്തുവാൻ ആജ്ഞാപിച്ച രാജകല്പന നിരസിച്ചതിനു താബാൻ ലിജിയനിലെ, 6,666 ക്രിസ്തീയ ഭടന്മാരെ, മറ്റു ടൂപ്പുകളാൽ വാൾ കൊണ്ട് കഷ്ണങ്ങളായി വെട്ടിനുറുക്കിയ കഥ; ആദ്യത്തെ ബ്രിട്ടീഷ് രക്തസാക്ഷിയായ, അൺബാന്റെ ധൈര്യം കണ്ട്, പരിവർത്തനം ചെയ്ത അവന്റെ മരണ ശിക്ഷ നടപ്പാക്കിയവനോടും - മറ്റനേകരോടൊപ്പവും തലഛേദിക്കപ്പെട്ട കഥയും ഉൾപ്പെടുന്നു.

വീണ്ടും, ഞാൻ ചോദിക്കുന്നു: അത്തരം ശിക്ഷ സഭയെ നശിപ്പിച്ചോ? ദൈവജനത്തിന്റെ "പ്രവൃത്തികൾ" നിന്നു പോയോ? ഒരു എഴുത്തുകാരൻ ഈ കുറിപ്പ് എഴുതി:

> സഭ ആരംഭിക്കുന്നതു ഉപദ്രവങ്ങളുടെ മധ്യത്തിലായിരുന്നു അതുകൊണ്ട് ആദ്യത്തെ മുന്നൂറു വർഷങ്ങൾ വിരസമായ നിഴലിൽ നിന്നു മോചിതമായില്ല. എങ്കിലും അതെല്ലാമായിട്ടും, ഉപദ്രവമെന്ന അഗ്നിയാൽ സഭയെ ശുദ്ധീകരിക്കയായിരുന്നു, കാരണം ചിലരുടെ സമർപ്പണം തണുപ്പനായിരുന്നു, അങ്ങനെ ലോകം എല്ലാം കയറാവുന്ന ഒന്നായി സഭയെ സൂക്ഷിക്കുന്നതു മാറി.[33]

ആദിമക്രിസ്ത്യാനികളുടെ ശക്തമായ സാക്ഷ്യമനോഭാവം റോമിലെ ഭൂഗർഭ കല്ലറയിൽ കാണാം. ഈ ഭൂഗർഭകല്ലറകൾ വളഞ്ഞു തിരിഞ്ഞു കിടക്കുന്ന ഗുഹകളും റോമാപട്ടണത്തിന്റെ അടിയിൽ മൈലുകളോളം ഒഴുകി കിടക്കുന്ന മുറികളും ആണ്. ക്രിസ്ത്യാനികൾ അവരുടെ മരിച്ചവരെ അവിടെ അടക്കി, അവിടെ ആരാധിക്കാൻ കൂടിവന്നു, ചിലപ്പോൾ സുരക്ഷക്കായി അവിടേക്ക് ഓടുകയും ചെയ്തു. ആ ഗുഹകളുടെ വശങ്ങളിൽ - മരിച്ചവരെ അടക്കിയിരിക്കുന്നിടത്ത് - ചിത്രങ്ങൾ കൊണ്ടു എഴുത്തുകാർ കൊണ്ടു മൂടിയിരിക്കയാണ്. നിങ്ങൾക്ക് ആ ഗുഹകളിൽ കൂടെ നടക്കാൻ കഴിയുമെങ്കിൽ, ആദിമ ക്രിസ്ത്യാനികൾ എടുത്ത പ്രാവ്, നങ്കൂരം, കിരീടം, വിശ്വാസത്തിന്റെ മറ്റു അടയാളങ്ങൾ എന്നിവ കാണാം. യേശുവിനെ നല്ല ഇടയനായി ചിത്രീകരിച്ചിരിക്കുന്നതും കാണാം. നിങ്ങൾക്കു കാണാൻ കഴിയാത്ത ചിത്രങ്ങൾ അവരുടെ ദണ്ഡന ചിത്രങ്ങളോ അല്ലെങ്കിൽ അവർ ഉപദ്രവിച്ചവർക്കെതിരെ അവർക്കുണ്ടായിരുന്ന കോപത്തെക്കുറിച്ചുള്ള എഴുത്തുകളോ കാണുകയില്ല. "വിലാപത്തിന്റെയോ, പ്രതികരണത്തിന്റെയോ അടയാളമൊന്നുമില്ല; എല്ലാം സൗമ്യതയുടേയും, ധർമ്മോപകാരത്തിന്റെയും, സ്നേഹത്തിന്റെയും ചിത്രങ്ങൾ മാത്രം."[34]

റോമാ ഗവൺമെന്റ് അവസാനമായി ക്രിസ്ത്യാനികളെ ഉപദ്രവിച്ചത് ഡയോക്ലീഷന്റെ കീഴിലായിരുന്നു. 303-ൽ, ഡയോക്ലീഷ്യനും അവന്റെ കൂട്ടുകാരനായ, ഗലേറിയനും ചേർന്നു, സഭാമന്ദിരങ്ങളെ നശിപ്പിക്കുവാനും, എല്ലാ ക്രിസ്ത്യാനികളേയും നിർബ്ബന്ധിച്ചു, യാഗം കഴിപ്പിക്കുവാനും, ക്രിസ്തീയ തിരുവെഴുത്തുകൾ പിടിച്ചെടുക്കുവാനും ഒന്നിലധികം നിയമങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങി. യുവാവായിരുന്ന, തിമൊഥെയൊസിനെയും, വിവാഹം കഴിഞ്ഞ് മൂന്നു ആഴ്ച്ചകൾ മാത്രമായിരുന്ന,

അവന്റെ ഭാര്യ മൗറയെയും, അവരുടെ കയ്യിലെ ബൈബിളിന്റെ പകർപ്പ് കത്തിക്കാൻ കൊടുക്കാതിരുന്നതിനാൽ ഓരോ വശത്തുമായി ചേർത്തു ക്രൂശിൽ തറെച്ചു.

ഡയോക്ലിഷ്യനും ഗലേറിയസും ഇതു പൂർണ്ണമായും നടപ്പാക്കുവാൻ ഏറെ സമയം കാത്തിരിക്കേണ്ടി വന്നു, കാരണം അപ്പോഴേക്കും ശക്തമായി തിരിച്ചറിയത്തക്കവണ്ണം വളർന്നു കഴിഞ്ഞിരുന്നു. 311-ൽ, ഗലേറിയസിന്റെ ഉപദ്രവം നിർത്തി. 313-ൽ, "എഡിറ്റ് ഓഫ് മിലാൻ" എന്ന നിയമം കോൺസ്റ്റൻടൈനും ലിസിനിയസും കൊണ്ടുവന്നു ക്രിസ്ത്യാനിത്വത്തിനു പൂർണ്ണമായ നിയമ നിലവാരം വരുത്തി. 323-ൽ, മഹാനായിരുന്ന കോൺസ്റ്റൻടൈൻ ഭരണാധികാരിയായപ്പോൾ, റോമാ ഗവൺമെന്റിനാൽ സഭയെ ഉപദ്രവിച്ചിരുന്നതു അവസാനിച്ചു.[35] ആരോ പറഞ്ഞു, "റോം ക്രിസ്ത്യാനിത്വത്തെ നേരിട്ടത് വാളിനാലും, ക്രിസ്ത്യാനിത്വം റോമിനെ നേരിട്ടത് സ്നേഹത്താലും ആയിരുന്നു - സ്നേഹം വിജയിക്കുകയും ചെയ്തു."

നിയമപരമായ അംഗീകാരം ലഭിച്ചതിന്റെ ഫലമായി സമ്മിശ്ര അനുഗ്രഹങ്ങൾക്കു കാരണമായി, കോൺസ്റ്റൻടൈന്റെ സ്വാധീനം വർദ്ധിച്ചതോടെ യേശുവും മറ്റു ദൈവശ്വാസിയ എഴുത്തുകാരും മുന്നറിയിച്ചതുപോലെ വിശ്വാസത്യാഗം സംഭവിച്ചു.[36] എങ്ങനെയായാലും, ഈ പാഠത്തിന്റെ പരിധിയിൽ കൊണ്ടുവരുവാനോ അല്ലെങ്കിൽ, സഭാ സന്ദർഭത്തിൽ ഉണ്ടായ തെറ്റുകളെ ചികയുകയോ അല്ല. മറിച്ച്, ഞാൻ ഊന്നിപ്പറയുന്നത് (1) സഭ എത്രത്തോളം മലിനപ്പെട്ടിരുന്നാലും, എല്ലായ്പ്പോഴും "വിശ്വസ്തരായ ചുരുക്കം പേർ" ഉണ്ടായിരുന്നു എന്നതാണ് (2) ആ വിശ്വസ്തർ തുടർന്നു ദൈവത്തിനു വേണ്ടി "പ്രവർത്തിച്ചു." ഒരു ചരിത്രകാരൻ ഈ നിരീക്ഷണം നടത്തി:

> ഒരു വിശുദ്ധമായ പകർച്ചപോലെ ക്രിസ്ത്യാനിത്വം വ്യാപിച്ചു. വ്യാപാരത്തിന്റെ മുഖ്യധാര എന്നപോലെ അതിന്റെ വഴി കണ്ടെത്താമായിരുന്നു ... . ഒരിക്കൽ ഒരു ടൗണിൽ നട്ടാൽ, അതു നിർവ്വികാരമായി വ്യാപിക്കാൻ തുടങ്ങി അടുത്ത ജില്ലകളിലേക്കു അതിന്റെ പുതിയ വേരുകൾ പുറപ്പെടാൻ തുടങ്ങി ... . "എല്ലാ പ്രായത്തിലും നിലവാരത്തിലുമുള്ള സ്ത്രീകളും പുരുഷന്മാരും അടങ്ങുന്ന" "വലിയ കൂട്ടം ക്രിസ്ത്യാനികളെ" പറ്റി പ്ലീനി, കടൽ യാത്ര ചെയ്തെത്താവുന്ന വടക്കൻ പ്രവിശ്യയായ ബിഥുന്യ - പൊന്തൊസ് ഉണ്ടായിരുന്നതായി പറയുന്നു. "അതുകൊണ്ട്," അയാൾ പറയുന്നു, "ഈ അന്ധവിശ്വാസം വ്യാപിച്ചതിനാൽ ടൗണുകളിലേക്ക് മാത്രമല്ല ഊറിച്ചെന്നത്, ഗ്രാമങ്ങളിലേക്കും നാട്ടിൻ പുറങ്ങളിലേക്കും വ്യാപിച്ചു"; അങ്ങനെ ദൈവാലയങ്ങൾ ഉപേക്ഷിക്കപ്പെട്ടു, അനുഷ്ഠാനങ്ങൾ ആചരിക്കാതെയായി, ബലിമൃഗം [യാഗം അർപ്പിക്കുന്നതിനുള്ള മൃഗം] ആരും വാങ്ങാതെയായി ... .
>
> കിഴക്ക്, എഡേസയിൽ, ഒരു ചെറിക്ക് നിവാസികളുടെ രാജ്യം യുഫ്രെത്തോസിനപ്പുറമായി, അന്തൊക്യയിൽ നിന്നു വടക്കു കിഴക്കായി, ഏതാണ്ട് എ.ഡി. 200-ൽ ഒരു ക്രിസ്തീയരാജാവ് ... . അലെ

ക്സന്ത്രിയയിൽ നിന്നു ... സുവിശേഷം മിസ്രയിമിൽ കൂടെയും പടിഞ്ഞാറു കുറേന വരെയും വ്യാപിച്ചു. പടിഞ്ഞാറു തന്നെയും, രണ്ടു വലിയ മേഖലകളിൽ ആഫ്രിക്കയിലെ നാടുവാഴി, കാർത്തേജ് തലസ്ഥാനമാക്കി, തെക്കു ഗൗളും, ലിയോൺസ് കേന്ദ്രമായും വ്യാപിപ്പിച്ചു ... . സ്പാനിഷ് ക്രിസ്ത്യാനികളെക്കുറിച്ചു നാം ആദ്യമായി കേൾക്കുന്നതു [രണ്ടാം നൂറ്റാണ്ടിന്റെ] അവസാനത്തോടെയാണ്; എന്നാൽ ബ്രിട്ടൻ പോലെയുള്ള, വിദൂര നാടുകളിൽ, ... ചില റോമാക്കാരായ ... ക്രിസ്ത്യാനികളാണെന്നു നാം അനുമാനിക്കുന്നു.[37]

തുടർന്നുള്ള നൂറ്റാണ്ടുകളിൽ പ്രവർത്തിച്ച ചില മിഷണറിമാരുടെ പേരുകൾ അനശ്വരമാക്കിയില്ല. തീർച്ചയായും, വചനം വ്യാപിപ്പിച്ച വിശ്വസ്തരായ ക്രിസ്ത്യാനികൾ വർഷങ്ങളായി - പലപ്പോഴും അവരുടെ വിശ്വസ്തതക്കായി കഷ്ടം ഏല്ക്കേണ്ടി വന്നവരുടെ പേരുകൾ - ഒരിക്കലും മനുഷ്യരുടെ കാലാനുക്രമ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല. എങ്ങനെയായാലും, അവർ ആരായിരുന്നു എന്നു ദൈവത്തിനു അറിയാം, അവൻ തന്റെ ജനത്തിന്റെ "പ്രവൃത്തികൾ" രേഖപ്പെടുത്തിക്കൊണ്ടിരുന്നു.

## ഇന്നും തുടരുന്ന ദൈവജനത്തിന്റെ പ്രവൃത്തികൾ

സ്ഥലം അനുവദിച്ചാൽ, പ്രൊട്ടെസ്റ്റന്റ് നവോത്ഥാനത്തെയും അനേക നൂറ്റാണ്ടുകളിലെ പുനരേകീകരണ പ്രസ്ഥാനത്തെയും എനിക്ക് എഴുതുവാൻ കഴിയും. സഭയുടെ വിശുദ്ധിയും ദൈവത്തോടുള്ള ആത്മാർത്ഥതയും നിലനിർത്തിക്കൊണ്ടുപോകാൻ നിരന്തരമായി പാടുപെടേണ്ടി വന്നു. കൂടാതെ, അര - നൂറ്റാണ്ടായി സഭയിൽ എനിക്കറിയാവുന്ന ദൈവഭക്തരായിരുന്ന ക്രിസ്ത്യാനികളായിരുന്ന, സ്ത്രീ പുരുഷന്മാർ കർത്താവിനും അവന്റെ വചനത്തിനുമായി ജീവിതം സമർപ്പിച്ചിട്ടുള്ള ധാരാളം പേരെ എനിക്കു പറയാൻ കഴിയും.[38] ഞാൻ ഇതെഴുതുമ്പോൾ അവരുടെ പേരും മുഖവും എന്റെ മനസിൽ ഓടിവരുന്നു. എങ്ങനെയായാലും, ഞാൻ കർത്താവു തുടർന്നും തന്റെ സഭകളിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു എന്നു മാത്രം ഞാൻ ഊന്നി പറയട്ടെ (വെളിപ്പാട് 1:13, 20; 2:1), അവൻ ഇപ്പോഴും തന്റെ മക്കളെ "അറിയുന്നു" (വെളിപ്പാട് 2:2, 9, 13, 19; തുടങ്ങിയവ.), അവൻ ഇപ്പോഴും അവരുടെ "പ്രവൃത്തികൾ" രേഖപ്പെടുത്തുന്നു.

*ട്രൂത്ത് ഫോർ ടുഡേ* എത്തുന്ന രാജ്യങ്ങളിൽ ഇപ്പോൾ തന്നെ എല്ലാ കാലത്തിലും വെച്ച് ഏറ്റവും ആവേശകരമായ "പ്രവൃത്തികൾ" സംഭവിച്ചു കൊണ്ടിരിക്കുന്നു. നൈജീരിയയിലും മറ്റു ആഫ്രിക്കൻ ദേശങ്ങളിലും, ഇന്ത്യയിലും, മറ്റനേകം രാജ്യങ്ങളിലും ആത്മാക്കളുടെ കൊയ്ത്തു നടക്കുന്നതിനാൽ നമുക്കു തുടർച്ചയായി സന്തോഷിക്കാം. നാം ദൈവസിംഹാസനത്തിനു ചുറ്റും കൂടുമ്പോൾ ഈ "അദ്ധ്യായങ്ങളുടെ" വായന എത്ര അത്യാനന്ദം പകരുന്നതായിരിക്കും! സ്വർഗ്ഗീയ രേഖയിൽ നിന്നു *നിങ്ങളുടെ* അദ്ധ്യായം വായിക്കുന്നതു കേൾക്കാൻ ഞാൻ നോക്കിയിരിക്കുന്നു!

അടുത്ത നൂറ്റാണ്ട് ആരംഭിക്കുന്നതിനു മുൻപു കർത്താവു മടങ്ങിവന്നില്ലെങ്കിൽ, ആ നൂറ്റാണ്ടിന്റെ വെല്ലുവിളിയും ഒന്നാം നൂറ്റാണ്ടിലേതായിരിക്കും: “ലോകമെങ്ങും പോയി സകലജാതികളോടും സുവിശേഷം പ്രസംഗിക്കുക,” “സകല ജാതികളേയും ശിഷ്യരാക്കിക്കൊൾക,” “ഭൂമിയുടെ അറ്റത്തോളവും പോകുക” (മർക്കൊസ് 16:15; മത്തായി 28:19; പ്രവൃത്തികൾ 1:8). പൗലൊസും മറ്റുള്ളവരും നിറവേറ്റിയ ആ വെല്ലുവിളി ഈ നൂറ്റാണ്ടിലും നിറവേറ്റുവാൻ ദൈവം നമ്മെ സഹായിക്കട്ടെ! നമുക്ക് ആവേശകരമായി ദൈവത്തിനു എഴുതുവാൻ ചിലതു നല്കാം![39]

---

## **പ്രസംഗ കുറിപ്പുകൾ**

---

പ്രവൃത്തികൾ “അദ്ധ്യായം 29” എന്ന ഒരു പിൻ - തുടർച്ചാ പാഠം പ്രവൃത്തികളുടെ പുസ്തകത്തെക്കുറിച്ച് ധാരാളം പ്രാസംഗികരും ഉപദേഷ്ടാക്കന്മാരും തയ്യാറാക്കിയിട്ടുണ്ട്. ദൈവദാസന്മാരുടെ “പ്രവൃത്തികൾ” പ്രവൃത്തികൾ 28-ാം അദ്ധ്യായത്തോടെ അവസാനിക്കുന്നില്ല എന്നു ഊന്നൽകൊടുക്കാനാണ് അവർ ഈ തലവാചകം ഉപയോഗിച്ചത്. നിങ്ങൾക്ക് ആ തലവാചകം ഉപയോഗിക്കാൻ ഇഷ്ടപ്പെട്ടേക്കാം.

---

കുറിപ്പുകൾ

[1]യുസേബിയസ് *എക്ലേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 2.22. [2]ദ “തടവു ലേഖനങ്ങൾ” എഫെസ്യർ, ഫിലിപ്പിയർ, കൊലൊസ്യർ, ഫിലേമോൻ എന്നിവയാണ്. കഴിഞ്ഞ പാഠത്തിലെ നോട്ടുകൾ നോക്കുക. [3]കഴിഞ്ഞ പാഠത്തിൽ ശ്രദ്ധിച്ചതുപോലെ, കർത്താവിനു ഇഷ്ടമാണെങ്കിൽ പൗലൊസ് മരിക്കാൻ തയ്യാറായിരുന്നു എന്നാൽ മോചിതനാക്കുവാൻ പ്രതീക്ഷിക്കയും ചെയ്തിരുന്നു. [4]ജെ.ഡബ്ലിയു. മെക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ആക്സ് ഓഫ് അപ്പൊസ്തൽസ്*, വാല്യം 2 (ഡിലൈറ്റ്, ആർക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിംഗ് കമ്പനി., എൻ.ഡി.), 292. [5]*1 ക്ലെമെന്റ്* 5. ക്ലെമെന്റ് ഓഫ് റോം (സിഎ. 30–100) അപ്പൊസ്തോലിക പിതാക്കന്മാർക്കു ഏറ്റവും പ്രാധാന്യമുള്ളതായിരുന്നു. [6]“ട്രാൻസിലേഷൻ ഓഫ് ദ മുറാട്ടോനിയൻ ഫ്രാഗ്മെന്റ്” ഇൻ *ദ ന്യൂ സ്ക്കാഫ് – ഹെർസോയ് എൻസൈക്ലോപീഡിയ ഓഫ് റിലിജിയസ് നോളേജ്*, ഇഡി. സാമുവേൽ എം. ജാക്സൺ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: ബേക്കർ ബുക്ക് ഹൗസ്, 1977), 8:56. മുറാട്ടോറിയൻ കാനോൻ ഒരു ആദിമ കയ്യെഴുത്തു പ്രതിയായിരുന്നു, പുതിയ നിയമ കാനോന്റെ രൂപീകരണത്തിനു വിലപ്പെട്ട പുതിയ നിയമപുസ്തകങ്ങളുടെ വിവരങ്ങൾ നല്കിയതാണ്. [7]“കൈസരെ അഭയം ചൊല്ലിയ” എല്ലാ കേസും നീറോ വിചാരണ ചെയ്യാത്തതിനാൽ, പൗലൊസ് നീറോയുടെ മുമ്പിൽ നിന്നോ എന്നു ചിലർ സംശയിക്കുന്നു. യെരുശലേമിലെ യെഹൂദന്മാർ കുറ്റം ഊന്നിപ്പറയാത്തതുകൊണ്ട് വിചാരണ കൂടാതെ പൗലൊസിനെ വിട്ടയച്ചു എന്നു പോലും പറയുന്നുണ്ട്. പൗലൊസ് “കൈസരുടെ മുമ്പിൽ നില്ക്കേണ്ടതാകുന്നു” എന്നു ദൂതൻ, എങ്ങനെയായാലും, പറഞ്ഞതിനാൽ, അവൻ നിന്നിരിക്കും എന്നു തീർച്ച

യാണ്. [8]"പൗലൊസിന്റെ അവസാന യാത്രകൾ" എന്ന ഈ പാഠത്തിലെ പടം നോക്കുക. [9]പൗലൊസ് എഫെസൊസിൽ ആയിരുന്നപ്പോൾ, തിത്തൊസിന്റെ ലേഖനം മുൻപു എഴുതപ്പെട്ടു എന്നു ചിലർ വിശ്വസിക്കുന്നു. [10]ഒന്നും രണ്ടും തിമൊഥയൊസും തിത്തൊസും പലപ്പോഴും അറിയപ്പെടുന്നത് "ദ പാസ്റ്റോറൽ എപ്പിസ്റ്റൽസ്" എന്നാണ് കാരണം നാമധേയ വിഭാഗങ്ങളിലെ ഉപദേഷ്ടാക്കന്മാരെ "പാസ്റ്റേഴ്സ്" എന്നാണ് നാമകരണം ചെയ്യുന്നത്. എങ്ങനെയായാലും, നാം കണ്ടതുപോലെ, "പാസ്റ്റർ" എന്ന നാമം ബൈബിളിൽ ഉപദേഷ്ടാവിനു ള്ളതല്ല, മറിച്ച് മൂപ്പന്മാർക്കുള്ളതാണ്. ("പ്രവൃത്തികൾ, 4-ാം" ലക്കത്തിലെ "ഉപദേഷ്ടാക്കന്മാർക്കും, മൂപ്പന്മാർക്കും, മറ്റു പാപികൾക്കും ഉള്ള ഒരു പ്രസംഗം" എന്ന പാഠത്തിലെ പ്രവൃത്തികൾ 20:28 ന്റെ നോട്ടുകൾ നോക്കുക.) 1 ഉം 2 ഉം തിമൊഥെയൊസും തിത്തൊസും "സുവിശേഷപരമായ ലേഖനങ്ങൾ" എന്നു വിളിക്കുന്നതാണ് നല്ലത്.

[11]പോൾ റോജേഴ്സ്, "അറ്റ് ദ ഓഫ് പോൾസ് ലൈഫ്," *ദ പ്രീച്ചേഴ്സ് പീരിയോഡിക്കൽ* (മെയ് 1985), 27. [12]ഉദ്ധരിച്ചത് വേരാ ഈ. വാക്കർ, *എ. ഫസ്റ്റ് ചർച്ച് ഹിസ്റ്ററി* (ലണ്ടൻ: സ്റ്റുഡെന്റ് ക്രിസ്ത്യൻ മൂവ്മെന്റ് പ്രെസ്, 1936), 13, 14. [13]പൗലൊസ് പറഞ്ഞ "ആദ്യ പ്രതിരോധത്തെക്കുറിച്ച്" പരിഗണിക്കത്തക്ക വിവാദം ഉയർന്നിട്ടുണ്ട്, എന്നാൽ ഇതു ഒരുപക്ഷെ അടുത്ത സമയത്തു സംഭവിച്ചത് സൂചിപ്പിച്ചതാകാം - ഒരുപക്ഷെ ശരിയായ വിചാരണക്കു മുൻപു നടന്ന പ്രാഥമിക വിസ്താരം ആയിരിക്കാം. [14]ഈ പാഠത്തിൽ വിവരിച്ച കാര്യങ്ങൾ തിരുവെഴുത്തിൽ ഉൾപ്പെടുന്നതല്ല. അതുകൊണ്ട്, ഞാൻ ഈ വസ്തുതകൾക്ക് ദൈവശ്വാസിയമല്ലാത്ത എഴുത്തുകാരും ഭൗതികചരിത്രകാരന്മാരും രേഖപ്പെടുത്തിയ വസ്തുതകളെ ആശ്രയിച്ചു. തീർച്ചയായും, ഈ "പാരമ്പര്യങ്ങൾ" ദൈവശ്വാസിയ രേഖ പോലെ വിശ്വസനീയമല്ല. [15]നമ്മുടെ വിട പറയൽ നാം വീണ്ടും സ്വർഗ്ഗത്തിൽ കണ്ടുമുട്ടുന്നതുവരെയാണ്. [16]അപ്പൊസ്തലന്മാരിൽ അധികം പേരും യെരുശലേമിൽ ഇല്ലായിരുന്നു എന്നു, ഇതു സമ്മതിക്കുന്നു. [17]"ബാബിലോൺ" എന്നതു റോമിനെ ഗൂഢാർത്ഥത്തിൽ പറയുന്നതാണെന്നു ചിലർ വിശ്വസിക്കുന്നു, എന്നാൽ വെളിപ്പാട് എഴുതുന്നതു വരെ റോമിനെ ബാബിലോൺ എന്നു വിളിച്ചതിനു തെളിവൊന്നുമില്ല (വെളിപ്പാട് 17:5, 9, 10). 1 പത്രൊസ് 5:13 ആലങ്കാരിക ഉദ്ദേശത്തിലാണെന്ന സൂചനയുമില്ല. ബാബിലോൺ ഒന്നാം നൂറ്റാണ്ടിൽ യുഫ്രെത്തൊസിലെ ഒരു ചെറിയ ടൗൺ ആയിരുന്നു, അവിടെ വെച്ചായിരിക്കാം ഒരുപക്ഷെ പത്രൊസ് തന്റെ ഒന്നാംലേഖനം എഴുതിയത്. *അല്ലെങ്കിൽ* പൗലൊസ് അതുപറയുമായിരുന്നു, പത്രൊസ് തന്റെ അവസാനകാലത്ത് റോമിൽ പോയി എന്നും അവിടെ വെച്ചു മരിച്ചു എന്നും ഒരു പാരമ്പര്യമുണ്ട്. ഒരു പക്ഷെ ആയിരിക്കാം. [18]തന്റെ രണ്ടാം ലേഖനത്തിൽ, പൗലൊസിന്റെ എഴുത്തുകളെ പരാമർശിക്കുന്നുണ്ട് (2 പത്രൊസ് 3:15, 16). [19]എ.ഡി. 44 നും എ.ഡി. 62 നും ഇടക്ക് ഏതെങ്കിലും സമയത്തായിരിക്കാം യാക്കൊബിന്റെ പുസ്തകം എഴുതപ്പെട്ടത്. [20]യെഹൂദന്മാരും അവർക്ക് അവസരം കിട്ടിയതുപോലെ ക്രിസ്ത്യാനികളെ ഉപദ്രവിച്ചു കൊണ്ടിരുന്നു (വെളിപ്പാട് 2:9, 10); എന്നാൽ എ.ഡി 70 ലെ യെരുശലേം നാശത്തിനു ശേഷം, അവർ ഏകോപിച്ചു പരിശ്രമിച്ചില്ല.

[21]ഈ ആരോപണങ്ങളിൽ അധികവും ആരംഭിച്ചതിന്റെ കാരണം ആളുകൾ ക്രിസ്തീയ ഉപദേശത്തെയും പരിശീലനത്തെയും തെറ്റിദ്ധരിച്ചതുകൊണ്ടാണ്: രാജ്യത്തെക്കുറിച്ചുള്ള ഉപദേശം രാജ്യദ്രോഹമായിത്തീർന്നു; ആത്മീയ വരങ്ങ

ളുടെ ഉപദേശം മന്ത്രവാദമായിത്തീർന്നു; ക്രിസ്ത്യാനികൾക്കു തമ്മിൽ തമ്മിലുള്ള സ്നേഹം നിഷിദ്ധസംഗമമായി തീർന്നു; കർത്താവിന്റെ ശരീരം ആലങ്കാരികമായി കർത്തൃമേശ എടുത്തത് നരഭോജ്യമായിത്തീർന്നു. [22]എസ്. ആങ്കസ്, "റോമൻ എംപയർ," *ഇന്റർനാഷണൽ സ്റ്റാന്റേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, ഇഡി. ജെയിംസ് ഓർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: ഡബ്ലിയു.എം.ബി. ഏർഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1960), 3:2607. [23]വെസ്പേഷ്യന്റെ ഇളയ മകൻ ആയിരുന്നു ഡൊമിഷ്യൻ. അവന്റെ മൂത്ത ജ്യേഷ്ഠൻ, ടൈറ്റസും, ചക്രവർത്തിയായിരുന്നു, ഏഡി 70-ൽ യെരുശലേം നശിപ്പിച്ചു. [24]റേ സമ്മേഴ്സ്, *വർത്തി ഈസ് ദ ലാംബ്* (നാഷ്വില്ലേ: ബ്രോഡ്മാൻ പ്രെസ്, 1951), 83-85. [25]ഒരു പാരമ്പര്യം അനുസരിച്ച്, പൗലൊസിന്റെ അടുത്ത സ്നേഹിതനായിരുന്ന, ഡോ. ലൂക്കൊസ്, മുമ്പ് നീറോയുടെ ഉപദ്രവകാലത്ത് കൊല്ലപ്പെട്ടു. [26]പാരമ്പര്യമനുസരിച്ച്, ഡൊമിഷ്യന്റെ മരണശേഷം, യോഹന്നാൻ എഫെസൊസിലേക്കു മടങ്ങിവരികയും, അവനു ഏകദേശം നൂറു വയസ് പ്രായമായപ്പോൾ സ്വാഭാവികമായി മരിക്കുകയും ചെയ്തു. [27]വാക്കർ 17-ൽ, ഉദ്ധരിച്ചിരിക്കുന്നു. [28]മാരി ജെന്റേർട്ട് കിങ്ങ്. ഇഡി., *ഫോക്സസ് ബുക്ക് ഓഫ് മാർട്ടിഴ്സ്* (ഓൾഡ് താപ്പാൻ, എൻ.ജെ.: ഫ്ളെമിങ്ങ് എച്ച്. റെവെൽ കമ്പനി., 1968), 13-31. [29]"പ്രവൃത്തികൾ, 4-ാം" ലക്കത്തിലെ "ഒരു കുടുംബ വിവരണം" എന്ന പാഠത്തിലെ കുറിപ്പുകളിൽ ഇഗ്നേഷ്യൻസ് എന്നു പറഞ്ഞിട്ടുണ്ട്. [30]"പ്രവൃത്തികൾ, 4-ാം" ലക്കത്തിലെ "ഒരു കുടുംബവിവരണം" എന്ന പാഠത്തിലെ കുറിപ്പുകളിൽ പോളികാർപ്പ് എന്നു പറഞ്ഞിട്ടുണ്ട്.

[31]പോളികാർപ്പ് *മാർട്ടിഡം ഓഫ് പോളികാർപ്പ്* 9. [32]"പ്രവൃത്തികൾ, 4-ാം" ലക്കത്തിലെ "കുടുംബ വിവരണം" എന്ന പാഠത്തിൽ കുറിപ്പുകളിൽ ജസ്റ്റിൻ മാർട്ടിനെപറ്റി പറഞ്ഞിട്ടുണ്ട്. [33]*ഹാന്റ് ബുക്ക് ഓഫ് ചർച്ച് ഹിസ്റ്ററി*, ദ ലിവിങ്ങ് വേഡ് സീരിസ് (ആസ്റ്റിൻ, ടെക്സാസ്.: ആർ.ബി. സ്വീറ്റ് കമ്പനി., 1964), 17. [34]അജ്ഞാത ലേഖകൻ, ഉദ്ധരിച്ചത് തെയോഡാറ ഡബ്ലിയു.വിൽസൺ, *ഇൻടു ദ അരേന* (ലണ്ടൻ: വില്യം കോളിൻസ് സൺസ് ആന്റ് കമ്പനി., 1944), 102. [35]ഇതിനർത്ഥം ക്രിസ്ത്യാനികൾക്കെതിരായ എല്ലാ ഉപദ്രവങ്ങളും നിന്നു എന്നല്ല. ദൈവവഴിയിൽ തന്നെ നിന്നവർക്കു എല്ലായ്പ്പോഴും ഉപദ്രവം ഉണ്ടായിട്ടുണ്ട് ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ഉപദ്രവം ഉണ്ടാകയും ചെയ്യും (2 തിമൊഥെയൊസ് 3:12). [36]മത്തായി 24:24; പ്രവൃത്തികൾ 20:28-31; 2 തെസ്സലൊനിക്യർ 2:3-12; 1 തിമൊഥെയൊസ് 4:1-3; 2 തിമൊഥെയൊസ് 4:1-4; 2 പത്രൊസ് 2:1, 2 നോക്കുക. [37]ജെ.വെർനർ ബാർട്ട്ലെറ്റ്, *എർലി ചർച്ച് ഹിസ്റ്ററി* (ലണ്ടൻ: ദ റിലിജിയസ് ട്രാക്റ്റ് സ്വസൈറ്റി, 1894), 19-20. [38]ഈ പാഠം ഒരു പ്രസംഗമായി ഉപയോഗിക്കുകയാണെങ്കിൽ, പ്രവൃത്തികളുടെ പുസ്തകത്തിലെ പ്രചോദനം എടുത്തു കാണിക്കുന്ന ഇടവകകളിലെ "സാധാരണ" ക്രിസ്ത്യാനികളുടെ അനുസ്മരണം കൂടെ പങ്കിടുന്നതു ഉചിതമായിരിക്കും. [39]ഈ പാഠം ഒരു പ്രസംഗമായി ഉപയോഗിക്കുകയാണെങ്കിൽ, സദസ്സ്യർ സുവിശേഷം സ്വീകരിക്കാൻ അവരെ ഉത്തേജിപ്പിക്കണം. അവരുടെ പ്രതികരണം (അല്ലെങ്കിൽ പ്രതികരണമില്ലായ്മ) എന്തായാലും അതു സ്വർഗ്ഗത്തിൽ രേഖപ്പെടുത്തും എന്നും പറയുക.

## പൗലൊസിന്റെഅവസാന യാത്രകളും മരണവും

പ്രവൃത്തികളുടെ പുസ്തകത്തിൽ അവസാനം, ലൂക്കൊസ്, പൗലൊസിനെ തടവിലാക്കിയിരുന്നതായിട്ടാണ് പറയുന്നതെങ്കിലും, പുതിയ നിയമത്തിലെ മൂന്നു പുസ്തകങ്ങൾ പൗലൊസ് തുടർന്നും പ്രവർത്തിച്ചിരുന്നതായി സൂചന നല്കുന്നു. ഈ പുസ്തകങ്ങൾ ആയ, 1 ഉം 2 ഉം തിമൊഥെയൊസും തിത്തൊസും, പൗലൊസിന്റെ കീഴിൽ പരിശീലിപ്പിക്കയും പ്രവർത്തിക്കയും ചെയ്ത രണ്ടു യുവ സഭാനായകന്മാർക്ക് എഴുതിയതാണ്.

സാധ്യമെങ്കിൽ സ്പാനിയയിൽ പോകണമെന്ന ഉദ്ദേശം പൗലൊസിനുണ്ടായിരുന്നു എന്നു നമുക്കറിയാം (റോമർ 15:24, 28), സഭാ ചരിത്രകാരനായിരുന്ന യൂസെബിയസ് (സി എ.എ.ഡി. 275-339). പൗലൊസ് ഒരു സമയത്ത് റോമാ തടവിൽ നിന്നു മോചിതനായി എന്നു സൂചിപ്പിച്ചിട്ടുണ്ട്. അതിനു പുറമെ, ആദിമ ക്രിസ്തീയ സാഹിത്യത്തിൽ പൗലൊസ് സുവിശേഷം സ്പാനിയവരെ അറിയിച്ചു എന്നു പ്രസ്താവിക്കുന്നുണ്ട്. എ.ഡി. 96-ൽ ക്ലെമന്റ് ഓഫ് റോമാ കൊരിന്ത്യർക്ക് എഴുതി:

> ... ഏഴു പ്രാവശ്യം ബന്ധനസ്ഥനാകുകയും, കല്ലെറിഞ്ഞ് ഓടിക്കയും, എല്ലാം ചെയ്തു കഴിഞ്ഞ് പൗലൊസിനും, ക്ഷമാസഹിഷ്ണുതയ്ക്കു പ്രതിഫലം കിട്ടും. കിഴക്കും പടിഞ്ഞാറും പ്രസംഗിച്ച ശേഷം, തന്റെ വിശ്വാസം നിമിത്തം ലോകം മുഴുവൻ നീതി ഉപദേശിക്കയും, പടിഞ്ഞാറെ അറ്റത്തോളവും പോയി കഷ്ടതയേറ്റു, മുഖ്യാധികാരികളാൽ രക്തസാക്ഷിയായതിനാൽ നിർണ്ണായകമായ ബഹുമതി ലഭിച്ചു. അങ്ങനെ അവൻ ലോകത്തു നിന്നു നീങ്ങി, വിശുദ്ധ സ്ഥലത്ത് പോയി, വിസ്മയം ജനിപ്പിക്കുന്ന ക്ഷമക്കു മാതൃകയായി തീർന്നു.[1]

പൗലൊസ് തിത്തൊസിനു എഴുതിയപ്പോൾ, അവൻ റോമാ ബന്ധനത്തിൽ നിന്നു മോചിതനായിരുന്നു. അവൻ അടുത്ത സമയത്ത് തിമൊഥെയൊസിനെ എഫെസൊസിൽ വിട്ടിട്ടാണ് പോയത് (1 തിമൊഥെയൊസ് 1:3), കുറെ സമയം അവൻ അവിടെ ചിലവഴിച്ച ശേഷമാണെന്നു തോന്നും തിത്തൊസിനെ ക്രേത്തയിൽ വിട്ടേച്ചു പോയത് (തിത്തൊസ് 1:5). തിത്തൊസിനെ അവർ നിക്കൊപ്പൊലിസിൽ കണ്ടുമുട്ടുവാൻ ആഗ്രഹിച്ച്, ആ പട്ടണം ക്രേത്തയിൽ നിന്നു ദൈർമാത്യെ വഴിയിലാണ്, അവിടെ അവൻ ശീതകാലം കഴിക്കാൻ ആഗ്രഹിച്ചു (തിത്തൊസ് 3:12). തിത്തൊസ് പിന്നീട് ദെൽമത്യക്കു പോയി എന്നു നമുക്കറിയാം (2 തിമൊഥെയൊസ് 4:10), എന്നാൽ തന്റെ യാത്ര തുടരുന്നതിനു മുമ്പ് പൗലൊസും തിത്തൊസും കണ്ടുമുട്ടിയോ എന്നു നമുക്ക് തീർച്ചയില്ല.

2 തിമൊഥെയൊസ് എഴുതുമ്പോൾ, പൗലൊസ് വീണ്ടും തടവിലാകുകയും ഒരു വിചാരണ കഴിക്കുകയും ചെയ്തിരുന്നു (2 തിമൊഥെയൊസ് 4:16, 17). ഒരുപക്ഷെ അവൻ അധികം തടവിൽ കഴിയാൻ സാധ്യതയില്ല, കാരണം അവൻ അടുത്തുതന്നെ യാത്ര ചെയ്ത

തായി തെളിവുകൾ പറയുന്നു. അവൻ തന്റെ പുതപ്പും ചില ചർമ്മലിഖിതങ്ങളും ത്രോവാസിൽ ഏല്പിച്ചിട്ടു പോയി (2 തിമൊഥെയൊസ് 4:13), മിലേത്തൊസിലെയും കൊരിന്തിലെയും വിട്ടുപിരിഞ്ഞതു അധികം താമസിക്കാതെ ആയിരുന്നു (2 തിമൊഥെയൊസ് 4:20). അവൻ എഫെസൊസിലും പോയിരിക്കാനിടയുണ്ട് (2 തിമൊഥെയൊസ് 4:14, 15), അവിടെ കുഴപ്പം നേരിട്ടിരിക്കാനും ഇടയുണ്ട്. സ്പഷ്ടമായും പൗലൊസിന്റെ അവസാന ലേഖനമായിരുന്നു 2 തിമൊഥെയൊസ്. അതിലെ വാക്കുകൾ, പൗലൊസിന്റെ അവസാന ഇച്ഛയും നിയമവും, സ്പർശിക്കുന്ന അപേക്ഷകളും, ചുമത്തിയ ചുമതലകളും, വിജയക്കുറിപ്പും, ആസന്നമായ മരണവും എല്ലാം കോർത്തിണക്കിയതായിരുന്നു.[2]

പൗലൊസിനെ വീണ്ടും - തടവിൽ ആക്കിയതു ഒരുപക്ഷെ എ.ഡി. 67-ൽ ആയിരിക്കാം. ദൈവശ്വാസിയമല്ലാത്ത പാരമ്പര്യം പറയുന്നത് നീറോയുടെ കല്പന പ്രകാരം, ആ വർഷം അവന്റെ ശിരസ് ഛേദിക്കപ്പെട്ടു എന്നാണ്.

---

കുറിപ്പുകൾ

[1]*1 ക്ലെമെന്റ്* 5. [2]ആർ.എൻ. ലോങ്ങെനെക്കർ, "പോൾ, ദ അപ്പൊസ്തൽ," ഇൻ *ദ സോണ്ടർവാൻ പിക്ചോറിയൽ എൻസൈക്ലോപീഡിയ ഓഫ് ദ ബൈബിൾ*, ഇഡി.മെറിൽ സി. ടെനേയ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1975), 4:657.

© 2009 Truth for Today


പൗലൊസിന്റെ യാത്രകളുടെ
അവസാനരംഗം
ഗൗൽ
സ്പാനിയ
കാർത്തേജ
നോവ
റ്റിങ്കസ്
റോം
സുസിക്ക
ഇതല്യ
സർദീനിയ
കാർത്തേജ്
സിസിലി
സുറാക്കുസ്
മെലിത്ത
ദെൽമെന്ത്യ
അദ്രിയക്കടൽ
മക്കെദോന്യ
നിക്കാപ്പൊലിസ്
ഫിലിപ്പിയ
ത്രേസ്
കരിങ്കടൽ
ബിസാന്റിയം
പൊന്തിയൊസും
ബിഥന്യയും
ഗലാത്യ
കുപ്പദൊക്യ
അരെഗ്യെൻ
കടൽ
അഖായ
കൊരിന്ത്
എഫെസൊസ
ആസ്യ
കൊലൊസ്യ
കിലിക്യ
മിലേത്തൊസ്
ലുക്യ
പംഫുല്യ
തർസൊസ്
അന്ത്യോക്യ
ക്രേത്ത
കുപ്രൊസ്
സുറിയ
മദ്ധ്യധരണ്യാഴി കടൽ
കുറേന
യെരുശലേം
അലക്സന്ത്രിയ
മിസ്രയിം
മൈലുകൾ 0 50 100 150 200
കിലോമീറ്ററുകൾ 0 50 100 200 300